**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 294** **02-03-2023 - ൽ മറുപടിയ്ക്ക്**

**പഴം, പച്ചക്കറി വിലവർദ്ധനവിനെതിരെ നടത്തുന്ന ഇടപെടലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പഴം, പച്ചക്കറി എന്നിവയുടെ വിലവർദ്ധനവ് സംസ്ഥാനത്തെ ജനങ്ങളെ ബാധിക്കാതിരിക്കുന്നതിനായി വിപണിയിൽ നടത്തിയിട്ടുള്ള ഇടപെടലുകൾ വിശദമാക്കാമോ; | (എ) | ഉപഭോക്താക്കൾക്ക് ന്യായവില ഉറപ്പാക്കുന്നതിനായി കൃഷി വകുപ്പ് വിപണി ഇടപെടൽ പദ്ധതി 2016 മുതൽ തുടർച്ചയായി നടപ്പിലാക്കി വരുന്നുണ്ട്. ഈ പദ്ധതിയോടൊപ്പം കൃഷി വകുപ്പിന്റെ അനുബന്ധ സ്ഥാപനങ്ങളായ ഹോർട്ടികോർപ്പും വി എഫ് പി സി കെയും വിപണി ഇടപെടൽ നടത്തുന്നുണ്ട്. കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനും ഉപഭോക്താ ക്കൾക്ക് ഗുണമേന്മയുള്ള നാടൻ പച്ചക്കറി ലഭിക്കുന്നതിനും ഈ പദ്ധതി വളരെ സഹായകരമാണ്. കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കാനും ഉപഭോക്താക്കൾക്ക് ന്യായമായ വിലയ്ക്ക് പഴം പച്ചക്കറികൾ ലഭ്യമാക്കുന്നതിനും വിപണി ഇടപെടൽ പദ്ധതി പ്രകാരം 2022-2023 വർഷത്തിൽ നാളിതുവരെ 2614.95 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2022 ഓണക്കാലത്ത് സംസ്ഥാനത്ത് 2010 ഓണവിപണികൾ സംഘടിപ്പിക്കുകയുണ്ടായി.<br><br>കൃഷി വകുപ്പ്, വിവിധ പദ്ധതി പ്രകാരം സ്ഥാപിച്ചിട്ടുള്ള എക്കോഷോപ്പുകൾ, എ ഗ്രേഡ് ക്ലസ്റ്ററുകൾ, ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ക്ലസ്റ്ററുകൾ, ആഴ്ച ചന്തകൾ, നഗര വഴിയോര ആഴ്ച ചന്തകൾ തുടങ്ങിയവ മുഖേന അതാതു ഗ്രാമപഞ്ചായത്ത്/ ബ്ലോക്കു പ്രദേശങ്ങളിൽ കർഷകർ ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ കർഷകർക്ക് നേരിട്ട് ഉപഭോക്താക്കൾക്ക് വിപണനം നടത്തുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.<br><br>സംസ്ഥാനത്ത് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, വയനാട് ജില്ലകളിൽ പ്രവർത്തിക്കുന്ന 6 (ആറ്) കാർഷിക മൊത്ത വ്യാപാര വിപണികളിലും കർഷകർക്ക് നേരിട്ട് അവരുടെ |

| | | | |
|---|---|---|---|
| | | | പച്ചക്കറികൾ എത്തിച്ച ന്യായവിലയ്ക്ക് വിറ്റഴിക്കുവാനുള്ള സംവിധാനവും നിലവിലുണ്ട്.<br><br>കൃഷി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വെജിറ്റബിൾ ആന്റ് ഫ്രൂട്സ് പ്രൊമോഷൻ കൗൺസിൽ കേരള (VFPCK) യുടെ കീഴിൽ സംസ്ഥാനത്തൊട്ടാകെയുള്ള 289 'സ്വാശ്രയ കർഷക വിപണികൾ' മുഖേന ന്യായവിലയ്ക്ക് കർഷകരിൽ നിന്നും പച്ചക്കറികൾ സംഭരിച്ച വിപണനം നടത്തി വരുന്നു. റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി പഴം-പച്ചക്കറി വിപണന ശൃംഖല ശക്തിപ്പെടുത്തുന്നതിനും ബ്രാൻഡ് ചെയ്ത് പഴം-പച്ചക്കറികൾ വിപണിയിൽ എത്തിക്കുന്നതിനുമുള്ള പദ്ധതി VFPCK നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി കാക്കനാട് കേന്ദ്രമാക്കി വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രോസസ്സിംഗ് ആന്റ്മാർക്കറ്റിംഗ് സെന്റർ (VFPMC), 7 ജില്ലകളിൽ പഴം-പച്ചക്കറികളുടെ പ്രാഥമിക സംസ്കരണ കേന്ദ്രങ്ങൾ, വി.എഫ്.പി.സി.കെ സ്വാശ്രയകർഷക സമിതികൾ നടത്തുന്ന 63 തളിർ ഔട്ട് ലെറ്റുകൾ എന്നിവ ആരംഭിച്ചു.<br><br>കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഹോർട്ടികോർപ്പിനു കാർഷിക ഉല്പന്നങ്ങൾ സംഭരിക്കുന്നതിനും വിറ്റഴിക്കുന്നതിനും 13 ജില്ലാ സംഭരണ കേന്ദ്രങ്ങളും 6 ഉപസംഭരണ കേന്ദ്രങ്ങളും അവയുടെ കീഴിൽ 110 സ്വന്തം സ്റ്റാളുകളും 181 ലൈസൻസി സ്റ്റാളുകളും ഉണ്ട്.<br><br>കർഷകരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനു വേണ്ടി FPO കൾ രൂപീകരിക്കുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനും നടപടികൾ തുടങ്ങിക്കഴിഞ്ഞു. RKVY പദ്ധതി പ്രകാരം എസ് എഫ് എ സി മുഖേന 41 FPO കളുടെ രജിസ്ട്രേഷൻ പൂർത്തിയായിട്ടുണ്ട്. കൂടാതെ 50 FPO കളുടെ നവീകരണത്തിനും നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ വി എഫ് പി സി കെ മുഖേന 41 FPO കളുടെ രജിസ്ട്രേഷൻ പൂർത്തിയായിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ "10000 FPO കൾ" പദ്ധതി പ്രകാരം 2020-21 വർഷത്തിൽ 38 FPO കളും 2021-22 വർഷത്തിൽ 36 FPO കളും 2022-23 വർഷത്തിൽ 2 FPO കളും സംസ്ഥാനത്തു രജിസ്റ്റർ ചെയ്തു കഴിഞ്ഞിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ കർഷകരിൽ നിന്നും പച്ചക്കറികൾ സംഭരിച്ച് വിപണിയിലെത്തിച്ച് ജനങ്ങൾക്ക് സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | കൃഷി വകുപ്പ്, വിവിധ പദ്ധതികൾ പ്രകാരം സ്ഥാപിച്ചിട്ടുള്ള എക്കോഷോപ്പുകൾ, എ ഗ്രേഡ് ക്ലസ്റ്ററുകൾ, ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ക്ലസ്റ്ററുകൾ, ആഴ്ച ചന്തകൾ, നഗര വഴിയോര ആഴ്ച ചന്തകൾ തുടങ്ങിയവ മുഖേന അതാതു |

ഗ്രാമപഞ്ചായത്ത്/ ബ്ലോക്ക് പ്രദേശങ്ങളിൽ കർഷകർ ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ കർഷകർക്ക് നേരിട്ട് ഉണഭോക്താക്കൾക്ക് വിപണനം നടത്തുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ വിവിധ മാർക്കറ്റുകൾ ഗ്രേഡ് ചെയ്യുന്ന നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. 201 ഗ്രേഡ് I മാർക്കറ്റുകളും 660 ഗ്രേഡ് II മാർക്കറ്റുകളും 595 ഗ്രേഡ് III മാർക്കറ്റുകളും നിലവിൽ പ്രവർത്തനക്ഷമമാണ്

ഈ സാമ്പത്തിക വർഷവും പഴം പച്ചക്കറി സംഭരണ വിപണനത്തിനായി വിവിധങ്ങളായ പദ്ധതികളാണ് കൃഷി വകുപ്പ് നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ ആറ് കാർഷിക മൊത്ത വ്യാപാര വിപണികൾ ശക്തിപ്പെടുത്തി കർഷകർക്ക് കൂടുതൽ സൗകര്യപ്രദം ആക്കുന്നതിനും, കർഷകർക്കുള്ള ട്രാൻസ്പോർട്ടേഷൻ സബ്സിഡി ഉൾപ്പെടെ 180 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ ഗ്രാമപഞ്ചായത്ത്/ ബ്ലോക്ക്/ ജില്ലാ തലങ്ങളിൽ കർഷകർ നേരിട്ട് നടത്തുന്ന വിപണന കേന്ദ്രങ്ങളായ ഗ്രേഡഡ് ആഴ്ച ചന്തകൾക്ക് 25 ലക്ഷം രൂപയും, ഗ്രാമചന്തകൾക്ക് 33 ലക്ഷം രൂപയും, എക്കോഷോപ്പുകൾക്ക് 15 ലക്ഷം രൂപയും നഗര വഴിയോര ആഴ്ചചന്തകൾക്ക് 10 ലക്ഷം രൂപയും ഇടുക്കി ജില്ലയിലെ ശീതകാല പച്ചക്കറികളുടെ സംഭരണ വിപണനത്തിനായി നടപ്പിലാക്കുന്ന കോൾഡ് ചെയിൻ പദ്ധതിക്കായി 185 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കാനും ഉണഭോക്താക്കൾക്ക് ന്യായമായ വിലയ്ക്ക് പഴം പച്ചക്കറികൾ ലഭ്യമാക്കുന്നതിനും വിപണിയിൽ ഇടപെടൽ പദ്ധതി പ്രകാരം 2022-2023 വർഷത്തിൽ 2614.95 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

കാർഷിക ഉല്പന്നങ്ങൾ സംഭരിക്കുന്ന തിനും വിറ്റഴിക്കുന്നതിനും ഹോർട്ടികോർപ്പിനു 13ജില്ലാ സംഭരണ കേന്ദ്രങ്ങളും 6 ഉപസംഭരണ കേന്ദ്രങ്ങളും അവയുടെ കീഴിൽ 110 സ്വന്തം സ്റ്റാളുകളും 181 ലൈസൻസി സ്റ്റാളുകളും ഉണ്ട്. കൂടാതെ സംസ്ഥാനത്തു ഉല്പാദിപ്പിക്കുന്ന ജൈവ പച്ചക്കറി ഉല്പന്നങ്ങൾ 'സേഫ് ടു ഈറ്റ്' എന്ന ലേബലിൽ പ്രധാന ഔട്ട്ലെറ്റുകൾ മുഖേന വിപണനം നടത്തി വരുന്നു. തിരുവനന്തപുരം ജില്ലയിലെ പാളയം സസ്യ സൂപ്പർ മാർക്കറ്റിൽ ജൈവ പച്ചക്കറികൾ മാത്രം വിപണനം ചെയ്യുന്നതിനായി 'ഹെൽത്തി ഫാം ഹെൽത്തി പ്ലേറ്റ്' എന്ന പദ്ധതി പ്രകാരം ഒരു ഓർഗാനിക് കൗണ്ടറും, കോഴിക്കോട് ജില്ലയിലെ

വേങ്ങേരി മാർക്കറ്റിൽ ഒരു പ്രീമിയം ഔട്ട്ലെറ്റും തൃശ്ശൂർ ജില്ലയിലെ മൈയിലിപാടത്തും നാടൻ പച്ചക്കറികളുടെ ഒരു പ്രീമിയം ഔട്ട്ലെറ്റും പ്രവർത്തിക്കുന്നുണ്ട്. ആലപ്പുഴ ജില്ലയിൽ ഒരു ഹൈടെക് ഓർഗാനിക് സൂപ്പർ മാർക്കറ്റും ആരംഭിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു.

കർഷകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്ന തിനായി സംസ്ഥാനത്തുടനീളം 289 സ്വാശ്രയ കർഷക സമിതികളാണ് വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിലിന് കീഴിൽ പ്രവർത്തിച്ചു വരുന്നത്. ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും കർഷകരെ രക്ഷിക്കുന്ന തിനും ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനും ഇവ സഹായിക്കുന്നു. പ്രതിവർഷം 1 ലക്ഷം മെട്രിക് ടൺ പഴം പച്ചക്കറികളുടെ വിപണനം നടത്തി വരുന്നു. റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി പഴം-പച്ചക്കറി വിപണന ശൃംഗല ശക്തിപ്പെടുത്തു ന്നതിനും ബ്രാൻഡ് ചെയ്ത് പഴം-പച്ചക്കറികൾ വിപണിയിൽ എത്തിക്കുന്നതിനുമുള്ള പദ്ധതി VFPCK നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി കാക്കനാട് കേന്ദ്രമാക്കി വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രോസസ്സിംഗ് ആന്റ് മാർക്കറ്റിംഗ് സെന്റർ (VFPMC), 7 ജില്ലകളിൽ പഴം-പച്ചക്കറികളുടെ പ്രാഥമിക സംസ്കരണ കേന്ദ്രങ്ങൾ, വി.എഫ്.പി.സി.കെ സ്വാശ്രയ കർഷക സമിതികൾ നടത്തുന്ന 63 തളിർ ഔട്ട് ലെറ്റുകൾ എന്നിവ ആരംഭിച്ചു.

നിലവിൽ കേരളത്തിൽ 6 മൊത്ത വ്യാപാര വിപണികൾ ആണ് ഉള്ളത്. ഈ 6 മാർക്കറ്റുകളിലും ഇ-നാം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ ഇതു വരെ 2935 കർഷകരും, 383 വ്യാപാരികളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. അന്തർ ജില്ലാ (Inter - Mandi) വ്യാപാരം ശക്തിപ്പെടുത്തുന്നതിനായി ഇതുവരെ 55 യൂണിഫൈഡ് ലൈസൻസുകൾ വിതരണം ചെയ്തിട്ടുണ്ട്.നിലവിൽ കർഷകർക്ക് ട്രാൻസ്പോർട്ടേഷൻ സബ്സിഡി നൽകി വരുന്നു. ഇ-നാം വഴി വ്യാപാരം നടക്കുന്നതിനായി അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. കൂടുതൽ കർഷകർക്കും വ്യാപാരികൾക്കും ഇ-നാം പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതിനായി പരിശീലന ക്ലാസ്സുകൾ നൽകി വരുന്നു.

കർഷകരുടെ ഉല്പന്നങ്ങൾ സംഭരിക്കു ന്നതിനും അവ കേടുകൂടാതെ സൂക്ഷിക്കുന്നതിനും വിപണനം

| | | | |
|---|---|---|---|
| | | | ചെയ്യുന്നതിനും 7 ശീതീകരിച്ച വാഹനങ്ങൾ വാങ്ങുന്നതിന് ഈ വർഷം 35 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്.<br><br>കർഷകരുടെ ഉല്പന്നങ്ങൾ സംഭരിക്കു ന്നതിനും അവ പുതുമയോടെയും വൃത്തിയായും സൂക്ഷിച്ച് വിപണനം ചെയ്യുന്നതിനും സൗരോർജത്തിൽ പ്രവർത്തിക്കുന്ന 18 മുച്ചക്ര സൈക്കിളുകൾ വാങ്ങുന്നതിന് ഈ വർഷം 20 ലക്ഷം രൂപ "വിളവെടുപ്പിനു ശേഷമുള്ള പരിപാലനവും മൂല്യവർദ്ധനവും" പദ്ധതിയിൽ നീക്കി വെച്ചിട്ടുണ്ട്. ഈർപ്പവും താപനിലയും ക്രമീകരിച്ച് ഉൽപ്പന്നങ്ങൾ കേട്ട കൂടാതെയും പൊടി,മറ്റു മാലിന്യങ്ങൾ എന്നിവ മൂലം മലിനപ്പെടാതെയും സൂക്ഷിക്കാൻ ഈ ട്രൈസൈക്കിൾ കാർട്ടുകൾ സഹായകരമാണ്. |
| (സി) | സംസ്ഥാനത്ത് ഉല്പാദിപ്പിക്കാത്ത പച്ചക്കറി ഇനങ്ങൾ ഇതര സംസ്ഥാനങ്ങളിൽ നിന്നും നേരിട്ട് സംഭരിച്ച് വിപണനം നടത്തുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കാമോ; | (സി) | കേരളത്തിൽ ലഭ്യമല്ലാത്തതും ഉണഭോക്താക്കൾക്ക് അത്യന്താപേക്ഷിതവുമായ പച്ചക്കറികൾ മറ്റ് സംസ്ഥാനങ്ങളിലെ കർഷക കൂട്ടായ്മകളിൽ നിന്നും, തമിഴ്നാട്ടിലെ പ്രമുഖ കാർഷിക മൊത്ത വ്യാപാര വിപണികളിലെ ലേലം വഴിയും സംഭരിക്കുന്ന പദ്ധതി ഹോർട്ടികോർപ്പ് മുഖേന നടപ്പിലാക്കി വരുന്നു. ഇത്തരത്തിലുള്ള സംഭരണം കൂടുതൽ ശക്തമാക്കുന്നതിന്റെ ഭാഗമായി തമിഴ്നാട് കൃഷി വകുപ്പുമായി സഹകരിച്ച് തെങ്കാശി ജില്ലയിലെ ഫാർമേഴ്സ് പ്രൊഡ്യൂസർ ഓർഗനൈസേഷൻ വഴി കർഷകരിൽ നിന്നും നേരിട്ട് പച്ചക്കറി സംഭരിക്കുന്നതിന് ഹോർട്ടികോർപ്പ് കരാർ ഒപ്പുവച്ച് സംഭരണം നടത്തി വരുന്നു. |
| (ഡി) | പച്ചക്കറികളുടെ സുരക്ഷിത സംഭരണത്തിനായി എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (ഡി) | 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 19 ശീതീകരിച്ച വാഹനങ്ങൾ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കും എഫ്.പി.ഒ.കൾക്കും നൽകിയിട്ടുണ്ട്. ഉല്പന്നങ്ങൾ സംഭരിക്കുന്നതിനും അവ കേട്ടുകൂടാതെ സൂക്ഷിക്കുന്നതിനും വിപണനം ചെയ്യുന്നതിനും 7 ശീതീകരിച്ച വാഹനങ്ങൾ കൂടി വാങ്ങുന്നതിന് 2022-2023 വർഷത്തിൽ 35 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്. നിലവിൽ സംസ്ഥാനത്തെ കാർഷിക മൊത്തവ്യാപാര വിപണികളിൽ കാർഷികോൽപ്പന്നങ്ങൾ കേടുവരാതെ സംഭരിച്ചു വയ്ക്കുന്നതിന് 23 കോൾഡ് സ്റ്റോറേജ് യൂണിറ്റുകൾ നിലവിലുണ്ട്.<br><br>കർഷകരുടെ ഉല്പന്നങ്ങൾ സംഭരിക്കുന്നതിനും അവ പുതുമയോടെയും വൃത്തിയായും സൂക്ഷിച്ച് വിപണനം ചെയ്യുന്നതിനും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോർട്ടികൾച്ചർ റിസർച്ച് (IIHR) സൗരോർജത്തിൽ പ്രവർത്തിക്കുന്ന 18 മുച്ചക്ര |

| | | | |
|---|---|---|---|
| | | | സൈക്കിളുകൾ ലഭ്യമാക്കുന്നതിന് ഈ വർഷം 20 ലക്ഷം രൂപ "വിളവെടുപ്പിനു ശേഷമുള്ള പരിപാലനവും മൂല്യവർധനവും" പദ്ധതിയിൽ നീക്കി വെച്ചിട്ടുണ്ട്. ഈർപ്പവും താപനിലയും ക്രമീകരിച്ച് ഉൽപ്പന്നങ്ങൾ കേട്ടു കൂടാതെയും പൊടി, മറ്റു മാലിന്യങ്ങൾ എന്നിവ മൂലം മലിനപ്പെടാതെയും സൂക്ഷിക്കാൻ ഈ റൈ സൈക്കിൾ കാർട്ടുകൾ സഹായകരമാണ്. കൂടാതെ ഇടുക്കി ജില്ലയിലെ ശീതകാല പച്ചക്കറികളുടെ സംഭരണ വിപണനത്തിനായി ഹോർട്ടികോർപ്പ് നടപ്പിലാക്കുന്ന കോൾഡ് ചെയിൻ പദ്ധതിക്കായി 185 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ